ലയാണ്. പ്രീ-പ്രൈമറി തലം മുതൽ യൂണിവേഴ്സിറ്റി തലംവരെയുള്ള വിദ്യാഭ്യാസത്തെ ശാസ്ത്രീയമായ അവബോധത്തോടുകൂടി കാണാത്തതു കൊണ്ടും എല്ലാ മേഖലയേയും രാഷ്ട്രീയവൽക്കരിക്കുന്നതിനുവേണ്ടിയും മറ്റു ചില താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയും മുന്നോട്ടു കൊണ്ടു പോകുന്ന ഒരു പ്രത്യേക സംവിധാനത്തിൽ കേരള സംസ്ഥാനത്തെ വിദ്യാഭ്യാസം കൈകാര്യം ചെയ്ത് വിദ്യാഭ്യാസ രംഗത്തെ പാടെ തകർത്തിരിക്കുന്നു. വിദ്യാഭ്യാസ രംഗത്തെക്കുറിച്ചുള്ള ചർച്ചയ്ക്ക് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ പ്രതിപക്ഷം പറഞ്ഞ കാര്യങ്ങൾക്ക് ആക്രമണ സ്വഭാവത്തോടുകൂടി മറുപടി പറയുന്നതിലുപരി വരും നാളുകളിൽ ജനസമൂഹത്തെ മുന്നോട്ടു കൊണ്ടുപോകുന്നതിനുതകുന്ന, വിദ്യാഭ്യാസ രംഗത്തെ സംശുദ്ധമാക്കാൻ ഉതകുന്ന, ക്രിയാത്മകമായ എല്ലാ മൗലികതകളും മുന്നോട്ടു കൊണ്ടു പോകുന്നതിനുള്ള ഒരു തുറന്ന സമീപനം അദ്ദേഹത്തിന്റെ മറുപടിയിൽ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

X. വ്യക്തിപരമായ വിശദീകരണം

<u>ശ്രീ. ടി.എസ്. ജോൺ</u> : സർ, ബഹുമാനപ്പെട്ട മാമ്മൻ മത്തായി ഇവിടെ പ്രസംഗിച്ചപ്പോൾ തെറ്റിദ്ധാരണ പരത്തുന്ന ഒരു കാര്യം പറഞ്ഞു. അദ്ദേഹത്തിന് മനസ്സിലാകാത്തതുകൊണ്ട് ഞാൻ പറയുകയാണ്. 1994-ൽ ഞാൻ എം.എൽ.എ. അല്ലാതിരുന്നപ്പോൾ അമേരിക്കയിൽ നിന്നു തിരിച്ചുവന്ന കലമണ്ണിൽ കെ.ജെ. എബ്രഹാം ഉൾപ്പെടെ ആറു പേരുൾപ്പെട്ട ഒരു പാർട്ട്ണർഷിപ്പിൽ കെ.എഫ്.സി. യിൽനിന്നും കടമെടുത്ത് ഒരു കെട്ടിടം പത്തനംതിട്ടയിൽ പണിതു. അതിൽ ഒരു ആശുപത്രി ആരംഭിച്ചു. പത്തനംതിട്ടയിലെ ആഡിയോ വിഷൽ ഓഫീസ് വെള്ളം കയറുന്ന സ്ഥലത്തായിരുന്നു പ്രവർത്തിച്ചിരുന്നത്. ഒരു ദിവസം വെള്ളം പൊങ്ങി വിലപിടിപ്പുള്ള കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള ഉപകരണങ്ങളും മറ്റും മുങ്ങിയപ്പോൾ പ്രസ്തുത ആശുപത്രി കെട്ടിടത്തിന്റെ ഒരു ഭാഗത്ത് അത് കൊണ്ടുവന്നുവച്ചു. 5000 സ്കയർ ഫീറ്റ് സ്ഥലം അവർക്ക് വാടകയ്ക്ക് വേണമെന്ന് ആവശ്യപ്പെട്ടു. കൊടുത്തു. നിയമാനുസൃതമുള്ള വാടക കിട്ടുന്നുണ്ട്. 50,000 രൂപ വാടക തരുന്നുവെന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് സത്യവിരുദ്ധമാണ്. അതിന്റെ പകുതിപോലും വാടക ഇനത്തിൽ നൽകുന്നില്ലെന്നുള്ളതാണ് വസ്തുത. പത്തനംതിട്ടയിൽ പ്രവർത്തിച്ചുവന്ന ഒരു സ്ഥാപനം തുടർന്ന് നടത്തിക്കൊണ്ടുപോകാൻ വെള്ളം കയറാത്ത സ്ഥലം ലഭ്യമല്ലാതെ വന്നപ്പോൾ ജില്ലയിലെ സ്ഥാപനം നഷ്ടപ്പെടാതെ തുടർന്നു നടത്താൻ ആശുപത്രി നടത്തിവന്ന കെട്ടിടത്തിന്റെ ഒരു ഭാഗം വിട്ടു കൊടുത്തത് സംബന്ധിച്ച് ജില്ലയിലെ ഒരു മെമ്പർ തന്നെ ഇത്തരമൊരു ആക്ഷേപമുന്നയിക്കാൻ തയ്യാറായത് നിർഭാഗ്യകരമായി പോയിയെന്നാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ മാമ്മൻ മത്തായി</u> : സർ, ഇത് മലയാള മനോരമയിൽ വന്ന വാർത്തയാണ്.

<u>ശ്രീ. ടി.എസ്. ജോൺ</u> : സർ, മലയാള മനോരമയിൽ വന്നത് ശരിയല്ല. ഞാൻ പറഞ്ഞതാണ് ശരി.

<u>ശ്രീ. പി.സി. ജോർജ്</u> : സർ, ഇന്നലെ ബഹുമാനപ്പെട്ട മാമ്മൻ മത്തായിയും വേറെ ചില ആളുകളും നിയമസഭയ്ക്ക് പുറത്തുവച്ച് എന്നെ തകർത്തുകളയും, ശരിപ്പെടുത്തിക്കളയുമെന്നൊക്കെ പറഞ്ഞപ്പോൾ ഇതിലും

LIBRARY ARCHIVES Kerala Legislative Assembly

വലിയ എന്തോ കുഴപ്പമുണ്ടാകാൻ പോകുന്നുവെന്ന് ഞാൻ വിചാരിച്ചു. എനിക്ക് പറയാനുള്ളത് പറയാതെ ഇരിക്കുന്ന പ്രശ്നമില്ല. ഒരു വലിയ ഗൂഢാലോചനയുടെ ചരിത്രമാണ് രണ്ടുമൂന്നു മാസമായിട്ടുള്ളത്. ഇത് കുറച്ചുനാളായി തുടങ്ങിയ സുഖക്കേടാണ്. എപ്പോഴെങ്കിലും സത്യം പറഞ്ഞിട്ട് ഒന്ന് പിരിയണ്ടേ? അങ്ങ് അനുവദിച്ചേ മതിയാകൂ. എഴുതി കൊടുത്ത ആരോപണത്തിൽ പറഞ്ഞിരിക്കുന്നത് 1981-ൽ പാലാ കോർപ്പറേറ്റ് മാനേജ്മെന്റ് ബിഷപ്പ് മാനേജരായിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനത്തിലെ അദ്ധ്യാപക നിയമനത്തിൽ 25,000 രൂപ ഞാൻ കൈക്കൂലി വാങ്ങിച്ചിട്ട് തിരിച്ചുകൊടുത്തു, പലിശ കൊടുത്തില്ല കേസുണ്ടായി എന്നാണ്. ഞാൻ ഇവിടെ പറയുന്നു, പാലാ കോർപ്പറേറ്റ് മാനേജുമെന്റ് എന്നു പറഞ്ഞാൽ ബിഷപ്പാണ് മാനേജർ. ആ മാനേജുമെന്റിന്റെ കീഴിൽ ഒരു നിയമനത്തിനും ഒരു പൈസയും വാങ്ങുന്നില്ല എന്നുള്ള സത്യം അപ്പുറത്തിരിക്കുന്ന മുഴുവൻ നേതാക്കൻമാർക്കുമറിയാം. കേരളത്തിന് മുഴുവൻ അറിയാം. 1981-ൽ എന്നുപറയുമ്പോൾ അന്ന് ബഹുമാനപ്പെട്ട ഇ.കെ. നായനാർ മുഖ്യമന്ത്രിയും ശ്രീ. കെ.എം. മാണി ധനകാര്യവകുപ്പുമന്ത്രിയുമായിരുന്നു. അന്ന് ഞാൻ പ്രതിപക്ഷാംഗമായിരുന്നു. ആ പ്രതിപക്ഷാംഗമായ ഞാൻ കാശ് വാങ്ങി നിയമനം കൊടുത്താൽ, അതിൽ കാശ് കൊടുത്തു, പലിശ കൊടുത്തില്ലെന്നത് സംബന്ധിച്ച് കേസുണ്ടാവുകയെന്നുപറഞ്ഞാൽ ദുഃഖകരമാണ്. കേസുണ്ടായത് 1983-ൽ ആണ്. ഞാൻ ആ കമ്മീഷനെപ്പറ്റി രണ്ട് വാക്ക് പറയാനാഗ്രഹിക്കുന്നു. അങ്ങ് തെറ്റിദ്ധരിക്കരുത്. ഞാൻ ആ കമ്മീഷനിൽ ഹാജരായി. ആ കമ്മീഷനിലെ അംഗങ്ങളെപ്പറ്റി മോശമായി പറയാൻ ആഗ്രഹിക്കുന്നില്ല. ഞാൻ 1984 മുതൽ 1987 വരെ ആയിട്ടും കേസ് തീർക്കാതെ മനഃപൂർവ്വം റാഗ് ചെയ്ത് എന്നെ അപമാനിക്കുന്ന രീതിയിൽ പെരുമാറുന്നുവെന്ന് കണ്ടപ്പോൾ എറണാകുളത്തെ സിറ്റിംഗിൽവച്ച് എനിക്ക് ഈ കമ്മീഷനിൽ വിശ്വാസമില്ലെന്ന് കമ്മീഷന്റെ മുഖത്തുനോക്കി പറഞ്ഞിട്ട് ഞാൻ ഇറങ്ങിപോയതാണ്. ആ കമ്മീഷൻ എന്തുപറഞ്ഞുവെന്ന് ഇതുവരെ എന്നെ അറിയിച്ചിട്ടില്ല. 1987-ൽ ഈ ഒരു കേസ് മാത്രമല്ല, ഇരുപത്തിമൂന്നോളം കേസുകൾ എനിക്കെതിരായി ഇതുപോലെയുണ്ടാക്കി. മെയിന്റനൻസ് കേസുൾപ്പെടെ, പ്രതിയായ എന്നെ വെറുതെ വിടുകയില്ല, വാദിയെ ബഹുമാനപ്പെട്ട മജിസ്ട്രേറ്റ് കോടതി ശിക്ഷിച്ചു. അതുപോലെതന്നെ ഈ കേസും. തെരഞ്ഞെടുപ്പ്കാലത്ത് അവർ എല്ലാം കൂടി യു.ഡി.എഫ്, സ്ഥാനാർത്ഥിയായി. ഞാൻ ഒറ്റ. ഇടതുപക്ഷവും യു.ഡി.എഫ്-ഉം കൂടി. എനിക്കെതിരായ സ്ഥാനാർത്ഥി ശ്രീ. എൻ.എം. ജോസഫ്. ശ്രീ. കെ. കരുണാകരൻ, ശ്രീ. കെ.എം. മാണി, ശ്രീ. എൻ.എം. ജോസഫ് സിന്ദാബാദ് എന്ന് എഴുതിവച്ച് പ്രസംഗം നടത്തിയിട്ടും 514 വോട്ടിനാണ് ഞാൻ പരാജയപ്പെട്ടത്. 9 വർഷം കഴിഞ്ഞ് തെരഞ്ഞെടുപ്പ് നടന്നപ്പോൾ ഇടതുപക്ഷ സ്ഥാനാർത്ഥിയായി മൽസരിച്ച ഞാൻ യു.ഡി.എഫ്-ന്റെ സ്ഥാനാർത്ഥിയെ പതിനായിരത്തിൽപ്പരം വോട്ടിന്റെ ഭൂരിപക്ഷത്തിന് പരാജയപ്പെടുത്തിക്കൊണ്ടാണ് വന്നത്. മറ്റൊരു കാര്യം, മൂന്നു മാസമായിക്കാണും ഈ ഗൂഢാലോചന തുടങ്ങിയിട്ട് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനെ തകർക്കണമെന്ന ലക്ഷ്യത്തോടുകൂടി ..... മൂന്നുമാസമായി എന്നെ വീട്ടിൽപ്പോലും കിടക്കാൻ അനുവദിക്കാതെ യു.ഡി.എഫ്-ലെ പല നേതാക്കൻമാരും പുറകേ നടക്കുകയാണ്. അത് അനുവദിക്കുകയില്ലെന്ന് പറഞ്ഞപ്പോൾ എന്നെ തകർക്കുമെന്ന് ഭീഷണിപ്പെടുത്തുകയാണ്. തകരാനുള്ളവനല്ല ഞാൻ. എനിക്ക് അതിൽ ഭയവുമില്ല. പഴയ വീഞ്ഞ് പുതിയ കുപ്പിക്കകത്താണ് ശ്രീ. മാമ്മൻ മത്തായി. അങ്ങനെ ഭയപ്പെടുന്നവനൊന്നുമല്ല ഞാൻ. ഇതിന്റെ ഇരട്ടി ശക്തിയോടുകൂടി ഈ മുന്നണിയെ ശക്തിപ്പെടുത്തിക്കൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ മുന്നോട്ടു പോകും. ആർക്കും ഒരു ചുക്കും ചെയ്യാനില്ല. തന്റേടത്തോടുകൂടി പറയുന്നു. പതിനായിരം വോട്ടിന്റെ ഭൂരിപക്ഷത്തോടുകൂടി, ജനപിന്തുണയോടുകൂടിയാണ് ഞാൻ വന്നിരിക്കുന്നത്. ജനകീയ കോടതിയിലേക്ക് പോകാം. നമുക്ക് അവിടെവച്ച് യുദ്ധം ചെയ്യാം.

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ)

സർ, ഇന്ന് കല, സംസ്കാരം എന്നീ വിഷയങ്ങളെപ്പറ്റി അധികം ആരും സംസാരിച്ചില്ലെങ്കിലും ആദ്യം തുടങ്ങി അവസാനം സംസാരിച്ച ശ്രീ. ജി. കാർത്തികേയൻ വരെയുള്ളവർ പറഞ്ഞ ഒരു കാര്യത്തിന് മറുപടി പറയാതെ പോകുന്നത് ശരിയല്ല. ഇവിടെ ഒരു സാംസ്കാരിക നയമുണ്ടല്ലോ, ശ്രീ. ജേക്കബിന്റെ സാംസ്കാരിക നയമുള്ളപ്പോൾ മാറിമാറി വരുന്ന ഗവൺമെന്റുകൾക്ക് നയമുണ്ടാക്കാൻ പാടുണ്ടോയെന്നാണ് ചോദിച്ചത്.

ശ്രീ. ജി. കാർത്തികേയൻ : സർ, അങ്ങ് കഴിഞ്ഞ വർഷം സാംസ്കാരികനയം കൊണ്ടു വന്നിട്ടില്ലേ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : കഴിഞ്ഞ വർഷം ഞാൻ കൊണ്ടുവന്നില്ല. ഞാൻ ആദ്യമായിട്ടാണ് അവതരിപ്പിച്ചത്. കഴിഞ്ഞ വർഷം പ്രസംഗിച്ചിട്ടുണ്ടാവും. ക്യാബിനറ്റ് കരട് അംഗീകരിച്ചതിനുശേഷം മൂന്നു കേന്ദ്രങ്ങളിൽ സാഹിത്യകാരൻമാരേയും എം.എൽ.എ. മാരേയും വിളിച്ചുകൂട്ടി ചർച്ച ചെയ്തു. ഡർബാർ ഹാളിൽ വിളിച്ചുകൂട്ടി ചർച്ച ചെയ്തു. ബഹുമാനപ്പെട്ട ജേക്കബുമെല്ലാമുണ്ടായിരുന്നു. അന്ന് കുറച്ച് എം.എൽ.എ. മാരേ ഉണ്ടായിരുന്നുള്ളൂ. അതുകൊണ്ട് എം.എൽ.എ. മാരുടെ അഭിപ്രായങ്ങൾ എഴുതി അറിയിക്കാൻ ശ്രീ. ജേക്കബ് തന്നെയാണ് നിർദ്ദേശിച്ചത്. അതെല്ലാം കഴിഞ്ഞതിനുശേഷം ആ കരടിനെ ആസ്പദമാക്കി നടന്ന ചർച്ചകളടക്കം റീഡ്രാഫ്റ്റ് ചെയ്ത് ക്യാബിനറ്റ് അംഗീകരിച്ച സാംസ്കാരിക നയരേഖയാണ് ഞാൻ ഇവിടെ അവതരിപ്പിച്ചത്. മുൻപ് ഇവിടെ ചർച്ചയ്ക്ക് വന്നിട്ടുമില്ല. മാറിമാറി വരുന്ന ഗവൺമെന്റുകൾക്ക് ഓരോ കാലത്തും ഓരോ നയങ്ങളുണ്ടാകും. ആ നയങ്ങളിൽ പ്രതിഫലിക്കുന്നത് മാറിമാറി വരുന്ന ആളുകളെ സൃഷ്ടിച്ച, അല്ലെങ്കിൽ ആരുടെ സൃഷ്ടിയാണോ ഗവൺമെന്റ് ആ ഗവൺമെന്റിന്റെ നയങ്ങളിൽ അവരെ അധികാരത്തിലെത്തിച്ച ആളുകളുടെ ആഗ്രഹാഭിലാഷങ്ങൾ പ്രതിഫലിക്കും. അങ്ങനെ മുൻപുണ്ടായിരുന്ന നയത്തിൽനിന്നും വ്യത്യസ്തമായി മുഖ്യമായും ജനാധിപത്യം, മതനിരപേക്ഷത, ശാസ്ത്രബോധം, സമത്വാധിഷ്ഠിത മാനവികത, അദ്ധ്വാന മഹിമ, സ്ത്രീസമത്വം, സാക്ഷരത എന്നിവ ഊറ്റംകൊള്ളുന്ന സാംസ്കാരിക അന്തരീക്ഷം പുലർത്താനുതകുംവിധത്തിൽ വിവിധ സാംസ്കാരിക സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ പുനഃസംവിധാനം ചെയ്യുകയെന്നുള്ളത് സാംസ്കാരിക നയത്തിലെ മുഖ്യലക്ഷ്യമാണ്. ഈ നയം ആദ്യം കരടു രൂപത്തിൽ പ്രസിദ്ധീകൃതമായി പിന്നീട് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും എം.എൽ.എ.മാരുടെ യോഗങ്ങളിലും ചർച്ച ചെയ്തു. അങ്ങനെയാണ് ഈ നയത്തിന് അവസാന രൂപം നൽകിയത്. അപ്പോൾ ഞങ്ങൾ അധികാരത്തിലെത്തിയതിന്റെ ഭാഗമായി എല്ലാ രംഗങ്ങളിലും നയങ്ങളുണ്ട്. കാർഷിക നയം, വ്യാവസായിക നയം എന്ന് തുടങ്ങി ഓരോ നയങ്ങളുടെയും പിന്നിലുള്ളത് ഞങ്ങളെ അധികാരത്തിൽ എത്തിച്ചിട്ടുള്ള ജനങ്ങളുടെ ഇച്ഛാശക്തിയാണ്. അതിന്റെ പ്രതീകമാണ്. അത് ഒരു നയത്തിൽ പ്രതിഫലിക്കണ്ടേ? ആ വ്യത്യാസം നയത്തിലുണ്ട്. വിദ്യാഭ്യാസ നയത്തെ സംബന്ധിച്ച് യു.ഡി.എഫ്., എൽ.ഡി.എഫ്. എന്നൊക്കെ പറഞ്ഞത് വെറുതെ ആവശ്യമില്ലാതെ പറയുന്ന കാര്യമാണ്. അപ്പോൾ ആ നയമാണ് സാംസ്കാരിക നയ

LIBRARY ARCHIVES Kerala Legislative Assembly

മായി ഇവിടെ പ്രഖ്യാപിച്ചത്. അതിൽ അഭിപ്രായ അന്തരം ഉണ്ടാകും. അത് കണക്കാക്കി തന്നെയാണ് അവതരിപ്പിച്ചത്. ജനങ്ങളാണ് ഈ നയത്തിന്റെ അടിസ്ഥാനമെങ്കിൽ ജനങ്ങളല്ല എന്നുള്ള നിലയ്ക്കാണ് ശ്രീ. ജേക്കബിന്റെ സാംസ്കാരിക നയം. ഈ രണ്ടിനേയും താരതമ്യപ്പെടുത്തികൊണ്ട് ഞാൻ ഈ സഭയിൽ സംസാരിച്ചിട്ടുള്ളതാണ്. എന്തിനാണ് ഇപ്പോൾ ഈ പുതിയ ഒരു നയമെന്ന് ശ്രീ. ജേക്കബ് ചോദിച്ച ചോദ്യത്തിന് മറുപടി പറഞ്ഞുകൊണ്ടു തന്നെ ഞാൻ സംസാരിച്ചിട്ടുള്ളതാണ്. ആ നയങ്ങൾ സാംസ്കാരിക സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ പ്രതിഫലിപ്പിക്കണമെന്നുള്ള രീതിയിൽ, അത് പ്രതിഫലിപ്പിക്കത്തക്ക തരത്തിൽ അതിന്റെ പ്രവർത്തനത്തെ ന്യായീകരിക്കാൻ പറ്റുന്ന ആളുകളെ നിയമിച്ചു. പക്ഷേ, ഞാൻ സാംസ്കാരിക വകുപ്പുമന്ത്രിയായി വന്നശേഷം കാലാവധി തീരാതിരുന്ന യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് നിശ്ചയിച്ച ഒരൊറ്റ കമ്മിറ്റിയെയും പിരിച്ചു വിട്ടിട്ടില്ല. അതിന്റെ കാലാവധി തീരുന്ന മുറയ്ക്ക് പുനഃസംഘടിപ്പിക്കുക മാത്രമാണ് ചെയ്തത്. സാഹിത്യ അക്കാഡമിയുടെ ചെയർമാൻ ശ്രീ. എം.ടി. വാസുദേവൻനായർ ആയിരുന്നു. എ. ആർ. രാജരാജവർമ്മ സ്മാരക കമ്മിറ്റിയുടെ ചെയർമാൻ ശ്രീ. ഗുപ്തൻനായർ ആയിരുന്നു. സാഹിത്യ അക്കാഡമിയുടെ ചെയർമാൻ എം. ടി. വാസുദേവൻ നായർ തന്നെയാണ് ഇപ്പോഴും. അപ്പോൾ അതൊന്നും ആളുകളെ മാറ്റിയിട്ടല്ല പുന:സംഘടിപ്പിച്ചിട്ടുള്ളത്. കാലാവധി തീരുന്ന മുറയ്ക്ക് പുന:സംഘടിപ്പിക്കുക മാത്രമാണ് ചെയ്തത്. അതിന്റെ പ്രവർത്തനത്തിലും വ്യത്യസ്ത അഭിപ്രായമുള്ള ആളുകൾ ഉണ്ടായിട്ടുണ്ട്. അതിന്റെ വാദപ്രതിവാദങ്ങൾ ഇവിടെ തന്നെ ഉണ്ടായിട്ടുണ്ട്. സാഹിത്യ അക്കാഡമിയുടെ കാര്യം തന്നെ എടുക്കാം. ശ്രീ. എം.ടി. വാസുദേവൻ നായർ ചെയർമാനായിരുന്ന കാലത്ത് വിവാദമുണ്ടായി. ഈ നിയമസഭയിലും ആ വിവാദത്തിന്റെ അലയടികൾ ഉണ്ടായിരുന്നു. പത്തനംതിട്ട ജില്ലയിലെ വളരെ പ്രായമായ ഒരു ശാസ്ത്രജ്ഞനായ ശ്രീ. രാമൻ അയ്യാളുടെ ഗവേഷണം പുറത്തുകൊണ്ടുവരാൻ വേണ്ടിയുള്ള പരിശ്രമത്തിൽ അയ്യാളുടെ 3 ഏക്കർ സ്ഥലം വിൽക്കേണ്ടിവന്നു. അദ്ദേഹത്തിന് ഒരു ലക്ഷം രൂപ ഗവൺമെന്റ് കൊടുക്കാൻ തീരുമാനിച്ചു. അത് സാഹിത്യ അക്കാഡമി വഴി കൊടുക്കാനാണ് തീരുമാനിച്ചത്. പണം ഗവൺമെന്റിന്റെതാണ്. ആ പണം സാഹിത്യ അക്കാഡമിക്ക് അയച്ചു കൊടുത്തിട്ട് അവരോട് കൊടുക്കാൻ പറഞ്ഞു. അതിനെപ്പറ്റി വലിയ ആക്ഷേപമായി. ചില മെമ്പർമാർ യാഥാർത്ഥ്യം മനസ്സിലാക്കാതെ ഈ പണം നമ്മൾ കൊടുക്കാൻ പാടില്ല അത് സാഹിത്യ അക്കാഡമിയുടെ ആഭ്യന്തര കാര്യത്തിൽ കൈകടത്തൽ ആയിരിക്കുന്നുവെന്നാണ് പറഞ്ഞത്. പക്ഷെ ശ്രീ. എം.ടി. വാസുദേവൻ നായർ അതിനോട് യോജിച്ചില്ല. ഇത് നമ്മുടെ പണമല്ല ഗവൺമെന്റ് അയച്ചു തന്ന പണമാണ് നമ്മൾ അവർക്ക് കൊടുക്കുന്നുവെന്നു മാത്രമേയുള്ളൂ. അത് അക്കാഡമിയുടെ കാര്യത്തിൽ കൈകടത്തൽ ആണെന്നു പറഞ്ഞ് പത്രങ്ങളിലൊക്കെ ഒരുപാട് വാർത്തകൾ വന്നു. പക്ഷെ അതിന് ശ്രീ. എം.ടി. വാസുദേവൻ നായർ തന്നെ പത്രത്തിലൂടെ മറുപടി പറയുകയുണ്ടായി. ഇപ്പോൾ പുനഃസംഘടിപ്പിക്കപ്പെട്ടിട്ടുള്ള കമ്മിറ്റികളിലാണെങ്കിലും പ്രത്യേകമായ ഒരു തീരുമാനം ഗവൺമെന്റ് അടിച്ചേൽപ്പിക്കുകയല്ല, അവർ യോഗം കൂടി തീരുമാനമെടുത്ത് നടപ്പിലാക്കേണ്ട കാര്യം ഗവൺമെന്റിനെ അറിയിച്ചാൽ ഗവൺമെന്റ് അത് നടപ്പിലാക്കുമെന്നു മാത്രമേയുള്ളൂ. അല്ലാതെ യാതൊരു തരത്തിലും ഒരു ആക്ഷേപവും ഇതുവരെ ഉണ്ടായിട്ടില്ല. ശ്രീ. ഒ.എൻ.വി. കുറുപ്പ് ആണ് കലാമണ്ഡലം ചെയർമാൻ. അങ്ങനെ പ്രഗൽഭൻമാരും ബുദ്ധിമാൻമാരുമായിട്ടുള്ള ആളുകളെ ഉൾപ്പെടുത്തിക്കൊണ്ടാണ് ഈ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം തുടങ്ങിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. കാർത്തികേയൻ : ശ്രീ. ടി.എൻ. ജയദേവൻ പറഞ്ഞത് ഞാൻ വേറൊരു ഭാഷയിൽ പറഞ്ഞുവെന്നേയുള്ളൂ.

ശ്രീ. ടി.കെ. രാമകൃഷ്ണൻ : ആക്ഷേപം അതാണെങ്കിലും ശ്രീ. കാർത്തികേയൻ അവസാനം സംസാരിച്ചപ്പോൾ മാർക്സിസ്റ്റുകാർ കാർഗിലെ നുഴഞ്ഞു കയറ്റക്കാരെപ്പോലെ സ്വാധീനം ഉപയോഗിച്ച് നുഴഞ്ഞ് കയറി എന്നു പറഞ്ഞു. കഴിഞ്ഞ മാർച്ചിൽ തുടങ്ങിയിട്ട് കാർഗിൽ ഇപ്പോഴാണ് കണ്ടുപിടിച്ചത് എന്നു പറഞ്ഞതുപോലെ രണ്ട് മൂന്നു കൊല്ലമായില്ലേ ഞങ്ങൾ ഇവിടെ വന്നിട്ട്. ഞങ്ങൾ നുഴഞ്ഞു കയറിയത് ഫാസിസ്റ്റ് നുഴഞ്ഞു കയറ്റത്തെ തകർക്കാനാണ്. നമ്മുടെ സാംസ്കാരിക മേഖലയിലും ശാസ്ത്ര ഗവേഷണ മേഖലയിലുമൊക്കെ ബി.ജെ.പി. ക്കാരും ആർ.എസ്.എസ്. കാരും വിശ്വഹിന്ദു പരിഷത്തുമൊക്കെ അവരുടെ ആളുകളെ കടത്തി വിട്ടിട്ടുള്ളത് ശ്രീ. കാർത്തികേയന് അറിയാത്തത് അല്ലല്ലോ? അതൊക്കെ എനിക്ക് മനസ്സിലായി. നമ്മളെ തമ്മിൽ തല്ലിക്കാനൊന്നും നോക്കണ്ട അതൊക്കെ അവിടെയിരിക്കട്ടെ. ഞാൻ ഇപ്പോൾ അതിന് മറുപടി പറഞ്ഞിട്ട് തമ്മിൽ തെറ്റിക്കണമെന്നാണ് പറയുന്നത്.

ശ്രീ. ടി.എം. ജേക്കബ് : സാംസ്കാരിക നയത്തെക്കുറിച്ച് അങ്ങ് പറഞ്ഞു. സാംസ്കാരിക നയം, പൊതുവായിട്ട് നമ്മുടെ സ്റ്റേറ്റിന്റെ സാംസ്കാരിക പാരമ്പര്യമെല്ലാം നിലനിർത്തിക്കൊണ്ടുള്ള ഒരു നയമാണ് ഇവിടെ ആദ്യം കൊണ്ടു വന്നത്. അക്കാഡമി പുനഃസംഘടനയും നയവുമായിട്ട് യാതൊരു ബന്ധവുമില്ല. അതിന് നമ്മൾ കാലാവധി നിശ്ചയിച്ചിട്ടുണ്ട്. കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് അല്ലെങ്കിൽ അതിനിടയ്ക്കോ സർക്കാരിന് ഇഷ്ടം പോലെ പുനഃസംഘടിപ്പിക്കാൻ സാധിക്കും. അതിനുവേണ്ടിയാണ് ഈ സാംസ്കാരിക നയം പുനഃസംവിധാനം ചെയ്തത് എന്ന് പറയുന്നതിനെ എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. അങ്ങയോടും ആ ചർച്ചയിൽ പങ്കെടുത്തപ്പോഴും ഞാൻ പറഞ്ഞത് ഇങ്ങനെ എപ്പോഴും മാറ്റേണ്ട ഒന്നല്ല ഈ സാംസ്കാരിക നയം എന്നാണ്. അതിന് പൊതുവായിട്ട് ഒരു സമീപനം സ്വീകരിക്കാൻ മന്ത്രി തയ്യാറുണ്ടോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : സാംസ്കാരിക നയം സാംസ്കാരിക സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ നിഴലിക്കണമെന്നാണ് ഞാൻ പറഞ്ഞത്. അതാണിവിടെ വായിച്ചത്. അതും പുനഃസംഘടനയുമായിട്ട് യാതൊരു ബന്ധവുമില്ലയെന്നു പറയുന്നതു ശരിയല്ല; പുനഃസംഘടനയുമായിട്ട് ബന്ധവുമുണ്ട്. ഈ പിന്തിരിപ്പൻ ആശയമുള്ള ആളുകളും പിൻതിരിപ്പിനെക്കാൾ പിന്തിരിപ്പനായിട്ടുള്ള ആളുകളും ഇരുന്ന കാലത്തെ നയത്തേക്കാൾ നല്ല നിലയിൽ ഈ നയം നടപ്പിലാക്കാൻ കൊള്ളാവുന്ന ആളുകളെ ഉൾപ്പെടുത്തേണ്ടി വരും. അങ്ങനെയുള്ള ആളുകളാണ് അതിൽ പ്രവർത്തിക്കുന്നത്. ഞാൻ ശ്രീ. കാർത്തികേയൻ പറഞ്ഞതിനുള്ള മറുപടി പൂർത്തിയാക്കിയില്ല. അങ്ങനെ അവർ ശാസ്ത്ര രംഗത്തും വിദ്യാഭ്യാസ രംഗത്തും ആളുകളെ കടത്തിവിടുന്നു. യു.പി.യിൽ സരസ്വതീ പൂജയിൽ തുടങ്ങി നിങ്ങൾ പിൻതുണ നൽകുന്ന വിദ്യാഭ്യാസ വകുപ്പുമന്ത്രിമാർ അടക്കമുള്ള ആളുകൾ ചേർന്ന് സരസ്വതീപൂജ നിർബന്ധമാക്കണമെന്നുള്ളതിനെ എതിർക്കുകയും ചെയ്ത ചരിത്രം നമ്മുടെ മുമ്പിലുണ്ടല്ലോ. അതുപോലെ എല്ലാ രംഗത്തും ഫാസിസത്തിന്റെ കടന്നുകയറ്റം ഉണ്ട്. കേരളത്തിലുമുണ്ട്. അതിനെ തടയുക എന്ന ലക്ഷ്യത്തോടുകൂടിയാണ് നമ്മൾ പ്രവർത്തിക്കുന്നത്. അതാണ് ജനാധിപത്യം, മതനിരപേക്ഷത, സാക്ഷരത, അദ്ധ്യാനം. ഈ നയത്തിൽതന്നെ അദ്ധ്യാനം എന്ന ഒരു വാക്ക് വന്നപ്പോൾ ശ്രീ. ജി.എൻ. പണിക്കർ രണ്ട് മൂന്നു ലക്കമായിട്ട് അതിനൊരു മറു

പടി എഴുതി. അതിൽ അദ്ധ്വാനമെന്നു പറഞ്ഞപ്പോൾ അദ്ധ്വാനമെന്നു വച്ചാൽ മാർക്സിസം കടത്തി വിടൽ എന്നുള്ളതാണ്. അദ്ധ്വാനിക്കുന്ന വർഗ്ഗമായ തൊഴിലാളികളുമായി ബന്ധപ്പെടുന്ന നയമെന്നു പറഞ്ഞാൽ, അതുപോലെ തന്നെ ആദിവാസികളുടെ പ്രശ്നങ്ങളെപ്പറ്റിയും ഇതിൽ പറയുന്നുണ്ട്. നമ്മുടെ നാടൻ കലകളും ആദിവാസികളുടെ സാഹിത്യം, കല എന്നിവയെ പ്രോൽസാഹിപ്പിക്കാനുള്ള തീരുമാനവുമെടുത്തു. ആദിവാസികളുടെ ചികിൽസാ സമ്പ്രദായം പരിപോഷിപ്പിക്കാനായിട്ട് അവരുടെ മേൽനോട്ടത്തിൽ 'കേരളീയ'ത്തിൽ ഒരു സ്റ്റാൾ പ്രവർത്തിപ്പിച്ചു. ആ നയം വായിച്ചു നോക്കിയാൽ അറിയാം. അതു കൊണ്ടാണ് ആ നയം പറയണമെന്ന് തീരുമാനിച്ചത്. അതിൽ വ്യത്യസ്ത അഭിപ്രായം ഉണ്ടാകാം. ആ വ്യത്യസ്ത അഭിപ്രായം ഉണ്ടാകാതിരിക്കണമെന്നും ഞാൻ പറയുന്നില്ല. എനിക്ക് ഇവിടെ നടന്ന ചർച്ചയിൽ ഉന്നയിച്ച ചില പ്രശ്നങ്ങളെപ്പറ്റി ..... ഈ ഗവൺമെന്റ് നടപ്പിലാക്കാൻ പോകുന്ന ചില കാര്യങ്ങളെപ്പറ്റി പറയാനുണ്ടായിരുന്നു. വലിയ വിമർശനം വരാത്തതുകൊണ്ട് ഞാൻ അതിലേയ്ക്കു കടക്കുന്നില്ല. വിശ്വസാഹിത്യകാരനായ തകഴി ശിവശങ്കരപ്പിള്ളയുടെ ഭവനവും ഭവനമിരിക്കുന്ന 35 സെന്റ് സ്ഥലവും സർക്കാർ ഏറ്റെടുത്ത് വരുംതലമുറയ്ക്ക് ഓർമ്മിക്കാനാവും വിധം മ്യൂസിയമായി സംരക്ഷിക്കും. അദ്ദേഹത്തിന്റെ ഭാര്യയും മകനും ആ സ്ഥലം വിട്ടു തരാമെന്ന് സമ്മതിച്ചിട്ടുണ്ട്. ഭാര്യ പറഞ്ഞ ഒരു കാര്യം - അടുക്കളയും ഒരു മുറിയും മാത്രം അവർക്ക് മരണം വരെ ഉപയോഗിക്കാൻ കൊടുക്കണം എന്നാണ്. ഷേക്സിപിയറുടെ വീട് സ്മാരകമാക്കിയിട്ടുണ്ട്. ആ രൂപത്തിൽ വലിയൊരു സ്മാരകവും സാഹിത്യകലാകാരൻമാരുടെ തീർത്ഥാടന കേന്ദ്രവുമാക്കി മാറ്റണമെന്നുള്ളതാണ് ഒന്ന്.

(2) പത്ര മാധ്യമ പ്രവർത്തകർക്ക് വിവിധ വിഷയങ്ങളിൽ പരിശീലനം നൽകാൻ ഉദ്ദേശിച്ചുകൊണ്ട്, 'നാഷണൽ സ്കൂൾ ഓഫ് മീഡിയ' എന്ന പേരിൽ ഒരു ദേശീയ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഈ വർഷം തന്നെ പൂർത്തിയാകും. ഇത് പത്ര പ്രവർത്തകരെ ഉദ്ദേശിച്ചിട്ടുള്ളതാണ്.

(3) കേരള സമൂഹത്തെപ്പറ്റിയുള്ള ഒരു സാമൂഹ്യ-ശാസ്ത്ര ഗവേഷണ കൃതിക്കും ശാസ്ത്രീയ ചരിത്ര രചനയുടെ പിതാവെന്ന നിലയിൽ ആദരിക്കുന്ന ബി.ഡി. കൊസാംബിയുടെ പേരിൽ ഒരു സ്മാരക പുരസ്കാരമായി 25,00 രൂപയും പ്രശസ്തി പത്രവും സംസ്ഥാന ഗസറ്റിയർ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഈ വർഷം മുതൽ നൽകിത്തുടങ്ങും.

(4) അന്തർദേശീയ പ്രശസ്തി നേടിയ പൈതൃക സ്മാരകമായ പത്മനാഭപുരം കൊട്ടാരത്തെ തീപിടിത്തത്തിൽ നിന്നും രക്ഷിക്കാൻ സ്ഥിരമായ അഗ്നിശമന സംവിധാനം ഈ വർഷംതന്നെ ഏർപ്പെടുത്തുന്നതാണ്.

(5) കൊച്ചി രാജാവിൽ നിന്നും ഏറ്റെടുത്ത രാജകിരീടവും മറ്റ് അമൂല്യ വസ്തുക്കളും ശാസ്ത്രീയമായി സംരക്ഷിക്കാനും പ്രദർശിപ്പിക്കാനുമുള്ള നടപടി ഈ വർഷം പൂർത്തിയാകും.

(6) പുരാവസ്തു സംബന്ധമായ വിഷയങ്ങൾ പഠിപ്പിക്കുന്നതിനും പരിശീലിപ്പിക്കുന്നതിനും ദേശീയ നിലവാരത്തിലുള്ള ഒരു ഇൻസ്റ്റിറ്റ്യൂട്ട് തൃപ്പൂണിത്തുറ ഹിൽ പാലസിൽ ഈ വർഷം തന്നെ ആരംഭിക്കും.

LIBRARY ARCHIVES Kerala Legislative Assembly

(7) ചുവർചിത്ര പഠന ഗവേഷണങ്ങൾക്കുള്ള സ്റ്റേറ്റ് മ്യൂറൽ ആർട്സ് സെന്റർ തൃശൂർ ശക്തൻ തമ്പുരാൻ കൊട്ടാരത്തിൽ ഈ വർഷമാരംഭിക്കും.

(8) കേരള ചരിത്രവുമായി ബന്ധപ്പെട്ട 'കേരള ചരിത്ര വീക്ഷണങ്ങൾ-രണ്ടാം സഹസ്രാബ്ദം' എന്ന പേരിൽ കേരള ചരിത്രത്തിലെ വിവിധ മേഖലകളെ സ്പർശിക്കുന്ന ഒരു ബൃഹത് ഗ്രന്ഥം കേരള ഗസറ്റിയർ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഈ വർഷം പ്രസിദ്ധീകൃതമാകും.

(9) നൂറ്റാണ്ടുകൾ പഴക്കമുള്ള ഗസറ്റിയർ വിജ്ഞാനരൂപം കാലോചിതമായി പരിഷ്കരിച്ച് 14 ജില്ലകൾക്കും വേണ്ടി സമയബന്ധിതമായി പ്രസിദ്ധീകരിക്കും.

(10) കേരളത്തിലെ മാധ്യമങ്ങളെക്കുറിച്ച് വിശദമായ പഠന വിശകലനങ്ങൾക്ക് ഉപകരിക്കുന്ന മാധ്യമ ഗസറ്റിയർ ആദ്യമായി 1999 ഡിസംബറിൽ തന്നെ പ്രസിദ്ധീകരിക്കും.

(11) വടക്കൻ പറവൂരിലും ചിറ്റൂരിലും ഓരോ സിനിമാ തിയേറ്ററുകൾ, വളരെ കാലത്തിനു മുൻപ് എടുത്തിട്ടുള്ള സ്ഥലമാണ്, ഈ വർഷം പണി പൂർത്തിയാക്കി ഉദ്ഘാടനം ചെയ്യും.

(12) കുമരകം പഞ്ചായത്ത് കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള പൈലറ്റ് പ്രോജക്ട് മാതൃകയിൽ മറ്റു പഞ്ചായത്തുകളിലും കമ്പ്യൂട്ടർവൽക്കരണം സി-ഡിറ്റിന്റെ ആഭിമുഖ്യത്തിൽ പൂർത്തിയാക്കും.

(13) കേരളത്തിലെ നൃത്തകലയെ പ്രോൽസാഹിപ്പിക്കുന്നതിനും പുതിയ നർത്തകരെ ഉയർത്തിക്കൊണ്ടു വരുന്നതിനും ഉദ്ദേശിച്ചുകൊണ്ട് ഇൻഡ്യയിലെ പ്രഗൽഭ നർത്തകരുടെ ശിക്ഷണത്തിൽ ഒരു നൃത്തശില്പശാലയും ക്ഷയോൻമുഖമയാ 'ചവിട്ടുനാടകം' എന്ന കലാരൂപത്തെപ്പറ്റി പഠിക്കുവാനും ആ രംഗത്തെ കലാകാരൻമാരെ സഹായിക്കുന്നതിനുമായി രണ്ടു ദിവസത്തെ ശിൽപശാലയും സംഘടിപ്പിക്കും.

(14) 1901 മുതൽ രണ്ടായിരാമാണ്ടുവരെ കേരള ജീവിതത്തേയും സാഹിത്യത്തേയും സ്വാധീനിച്ച് എല്ലാ ചരിത്ര സംഭവങ്ങളുടേയും വിവരങ്ങളടങ്ങുന്ന ''നമ്മുടെ സാഹിത്യം നമ്മുടെ സമൂഹം'' എന്ന നാലു വാല്യങ്ങളിലുള്ള ബൃഹത്ഗ്രന്ഥം സാഹിത്യ അക്കാഡമിയുടെ ആഭിമുഖ്യത്തിൽ ഈ വർഷം പ്രസിദ്ധീകരിക്കും.

ശ്രീ. ജി. കാർത്തികേയന്റെ പ്രസംഗത്തിൽ മാനവീയത്തെക്കുറിച്ച് പറഞ്ഞു. ഒരു കോടി രൂപ ചെലവ് ചെയ്ത് കേരളത്തിന്റെ പ്രാചീനവും ആധുനികവുമായിട്ടുള്ള എല്ലാ കാര്യങ്ങളേയും പ്രദർശിപ്പിക്കാനും അതിനെപ്പറ്റി സെമിനാറുകൾ സംഘടിപ്പിക്കാനുമുള്ള ഒരു കൊല്ലം നീണ്ടു നിൽക്കുന്ന ഒരു പരിപാടി സംഘടിപ്പിക്കും. ഇവിടെ ചർച്ചയിൽ ഉയർന്നു വന്നിട്ടുള്ള ചില കാര്യങ്ങളുണ്ട്. ശ്രീ. പിരപ്പൻകോട് മുരളി സംസാരിച്ചപ്പോൾ കേരള കലാമണ്ഡലത്തെ ഡീംഡ് യൂണിവേഴ്സിറ്റിയായി പ്രഖ്യാപിക്കണമെന്ന് പറഞ്ഞു. അത് പ്രഖ്യാപിക്കേണ്ടത് കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനാണ്. പക്ഷേ അത് അവരെക്കൊണ്ട് അംഗീകരിപ്പിക്കുന്നതിനാവശ്യമായ നടപടികളും റിപ്പോർട്ടുമൊക്കെ തയ്യാറാക്കി അടുത്ത ക്യാബിനറ്റിനു മുൻപാകെ വയ്ക്കും. അത് യൂണിവേഴ്സിറ്റിക്ക് അയച്ചു കൊടുത്തിട്ട് അതിന് നടപടിയെടുപ്പിക്കാനുള്ള പരിശ്രമങ്ങൾ നടത്താം. പക്ഷേ ബ്യൂറോക്രസിയുടെയും മറ്റും തടസ്സം കൊണ്ട് ഒന്നും ചെയ്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി.എം. ജേക്കബ് : ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, എൻസൈക്ലോപീഡിയ എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പെൻഷൻ കൊടുത്തുവെന്ന് 3-ാം വാർഷികവുമായി ബന്ധപ്പെടുത്തി ഇറക്കിയ ഒരു ലഘുലേഖയിൽ പറഞ്ഞിട്ടുണ്ട്. അവർക്ക് പെൻഷൻ കൊടുത്തോ? അതിനെ സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : പെൻഷൻകൊടുത്തു എന്ന് അതിൽ എഴുതിയിട്ടുണ്ട്. അത് ശരിയാണ്. പെൻഷൻ കൊടുക്കാനായിട്ടുള്ള നടപടികൾ ഏതാണ്ട് പൂർത്തിയായി വരികയാണ്. അതിൽ ചില സാങ്കേതികമായ കാര്യങ്ങൾ ഉള്ളതുകൊണ്ട് ചില സ്കീമുകൾ തയ്യാറാക്കുന്ന കാര്യത്തിൽ തടസ്സങ്ങൾ വന്നതുകൊണ്ട് നീണ്ടു പോയതാണ്. കൊടുക്കാൻ തീരുമാനിച്ചു. അത് കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പു മന്ത്രി പ്രഖ്യാപിച്ചതാണ്. അതിന്റെ നടപടികൾ ഞങ്ങൾ എടുത്തു വരികയാണ്. അവശ കലാകാരൻമാരുടെ പെൻഷൻ മുൻപ് കൊടുത്തിരുന്നതിൽ ഏതാണ്ട് 234 പേർ മരിച്ചുപോയി. ആ 234 പേരെ കൂടി ഉൾപ്പെടുത്തി പഴയ ആളുകൾക്ക് കൊടുക്കാനുള്ള നിർദ്ദേശങ്ങളും പണവും ജില്ലാകളക്ടർമാരെ ഏൽപ്പിച്ചു കഴിഞ്ഞു. അത് ഏൽപ്പിച്ചിട്ട് രണ്ടുമൂന്നാഴ്ചയായി. അവിടെ നിന്നു വരുന്ന കാലതാമസമാണ്. ഇവിടെ പെന്റിംഗ് ഇല്ല. അതുപോലെ രോഗബാധിതരായ കലാകാരൻമാരെ ഉദ്ദേശിച്ച്, ആദ്യമായി, വേറെ സ്റ്റേറ്റുകളിലോ, ഇൻഡ്യയിലോ ഉണ്ടോയെന്നറിഞ്ഞുകൂടാ. അവർക്ക് രോഗബാധയുണ്ടായാൽ രണ്ടായിരം രൂപാ മുതൽ 10,000 രൂപ വരെയും അവശ കലാകാരൻമാർക്ക് രോഗ ചികിൽസയ്ക്കുള്ള ഒരു പദ്ധതിയും നടപ്പിലാക്കി കാശ് കൊടുത്തു തുടങ്ങി. സിനിമാ അവാർഡിനെപ്പറ്റി ശ്രീ. കാർത്തികേയൻ പറഞ്ഞത് ശരിയല്ല. എന്തോ തെറ്റിദ്ധാരണ കൊണ്ടുണ്ടായതാണ്. അത് നല്ല രീതിയിൽ നടന്നു. ഇതേവരെ ഇൻഡ്യയിൽ എവിടെയും നടന്ന പരിപാടിയേക്കാളും മെച്ചപ്പെട്ട പരിപാടിയായിരുന്നു എന്നാണ് എല്ലാ സ്ഥലത്തുനിന്നും ആളുകൾ പറഞ്ഞത്. അത് എല്ലാ കൊല്ലവും നമ്മൾ നടത്താനായി ഉദ്ദേശിക്കുന്നു. സംഗീതപുരസ്കാരവും എഴുത്തച്ഛൻ പുരസ്കാരവും നടപ്പിൽ വരുത്തി. പുസ്തക പ്രസിദ്ധീകരണ രംഗത്ത് ഒരു കുതിച്ചുചാട്ടം തന്നെ നടത്താനായി സാധിച്ചിട്ടുണ്ട്. സർവ്വവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ട് പാരിസ്ഥിതികവിജ്ഞാനകോശം, സമകാലിക കലാ സാഹിത്യ സിദ്ധാന്തങ്ങൾ എന്നിവ പ്രസിദ്ധീകരിക്കാനുള്ള നടപടികളെടുത്തു വരുന്നു. കേരളീയത്തിന്റെ കാര്യത്തെപ്പറ്റി ഇവിടെ സംസാരിച്ച് കേട്ടത് മുഴുവനും ശരിയല്ല. ഞാൻ മുകളിൽ എന്റെ റൂമിലിരുന്നാണ് കേട്ടത്. അത് വളരെയധികം ജനശ്രദ്ധ ആകർഷിച്ച പരിപാടിയായിരുന്നു. അത് സംഘടിപ്പിച്ചത് ഗവൺമെന്റിന്റെ പണം കൊണ്ടല്ല. ഗവൺമെന്റ് ചെലവിലുമല്ല. കേരള കലാമണ്ഡലം സാഹിത്യ അക്കാഡമി, സംഗീത നാടക അക്കാഡമി, ലളിത കലാ അക്കാഡമി തുടങ്ങിയിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും പിരിച്ചെടുത്ത ആറുലക്ഷം രൂപയും തഞ്ചാവൂരിലെ ദക്ഷിണ മേഖലാ സാംസ്കാരിക കേന്ദ്രം തന്ന 9 ലക്ഷം രൂപയും കഴിച്ച് 12 ലക്ഷം രൂപ സർക്കാരിൽ നിന്നെടുത്തു. 27 ലക്ഷം രൂപയാണ് ചെലവാക്കിയത്. 50 ലക്ഷം രൂപ ചെലവാക്കിയെന്നു പറയുന്നതു ശരിയല്ല.

ശ്രീ. ജോണി നെല്ലൂർ : ആ പരിപാടിയിൽ കലാമണ്ഡലം സ്ഥിതി ചെയ്യുന്ന പ്രദേശത്തിനടുത്തുള്ള, അങ്ങയുടെ ഇപ്പുറത്തിരിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി കെ.ഇ. ഇസ്മയിലിനെപ്പോലും വിളിച്ചില്ല. അത് മാർക്സിസ്റ്റു പാർട്ടി അവരുടെ പരിപാടിയാക്കി മാറ്റിയെന്നു പറഞ്ഞ് എ.ഐ.വൈ.എഫ്. വാൾ പോസ്റ്റ് അച്ചടിച്ച് ഒട്ടിച്ച കാര്യമാണ് ഞാൻ പറഞ്ഞത്.

ശ്രീ. ടി.കെ. രാമകൃഷ്ണൻ : അതിനുവേണ്ടി രൂപീകരിച്ച സ്വാഗത സംഘമാണ് നടത്തിയത്. അവരെയൊക്കെ ക്ഷണിച്ചു എന്നുള്ള കാര്യ മൊക്കെ അവരാണ് നോക്കിയിരുന്നത്. കുറെ സമയം കഴിഞ്ഞ് പരിപാടി അവ സാനിക്കാറായപ്പോഴാണ് ഈ കാര്യം എന്റെ ശ്രദ്ധയിൽപ്പെട്ടത്. പക്ഷേ ആ പരിപാടിയിൽ ആരെയെങ്കിലും ഒഴിവാക്കണമെന്നുള്ള നിർദ്ദേശം ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടായിട്ടില്ല. അവർ സംഘടിപ്പിച്ചതാണ്. അത് മുഴുവൻ നമുക്ക് അറിയാൻ കഴിഞ്ഞിരുന്നില്ല. അത്രയേയുള്ളൂ.

ശ്രീ. ആര്യാടൻ മുഹമ്മദ് : നോർത്ത് ഇൻഡ്യയിൽ, യു.പി. യിൽ ഗുജ റാത്തിൽ, മഹാരാഷ്ട്രയിൽ എല്ലാം ഇതുപോലെ സാംസ്കാരിക സ്ഥാപനങ്ങ ളൊക്കെ ആർ.എസ്.എസ്. ഉം ബി.ജെ.പി. യും കടന്നു പിടിക്കുന്നുണ്ട്. നുഴഞ്ഞു കയറുന്നുണ്ട്. അത് ഞങ്ങൾ ഇവിടെ ഒഴിവാക്കുന്നു എന്ന് പറഞ്ഞു. അതൊഴിവാക്കാനാണോ ശ്രീ. കെ.ഇ. ഇസ്മയിലിനെ ഒഴിവാക്കിയത്?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : ഇത് ആര്യാടൻ മുഹമ്മദിന്റെ കുസൃതി ചോദ്യമാണ്. എന്തിനാണെന്നു വച്ചാൽ ഞങ്ങളെ തമ്മിൽ തെറ്റിക്കാനാണ്. നിങ്ങൾ ഒരു യുഗം പ്രവർത്തിച്ചാലും ഞങ്ങളെ തമ്മിൽ തെറ്റിക്കാൻ സാധ്യ മല്ല. അതിന് യാതൊരു സംശയവും വേണ്ട. ശ്രീ. ജോർജ് പറഞ്ഞതുപോലെ ആ വെള്ളം വാങ്ങി വച്ചാൽമതി. രണ്ടു പാർട്ടികളാകുമ്പോൾ .....

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ...

മി. സ്പീക്കർ : അദ്ദേഹം പൂർത്തിയാക്കട്ടെ.

[5 PM] ശ്രീ. ടി.കെ. രാമകൃഷ്ണൻ : ഇത്രയും കാര്യങ്ങളാണ് എനിക്ക് പറയുവാനുള്ളത്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ് : അങ്ങ് ഇന്നുരാവിലെ റിസർവ് ചെയ്ത റൂളിംഗുണ്ട്. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഉന്നയിച്ച ഒരു കാര്യം, അത് വളരെ റലവന്റാണ്. റൂൾ 204 കവർ ചെയ്യുന്നതാണ്. റൂൾ 204-ൽ വളരെ ക്ലിയറായി പറഞ്ഞിട്ടുണ്ട്. ഒരു കമ്മിറ്റിയുടെ റിപ്പോർട്ട് മേശപ്പുറത്തുവയ്ക്കുക യാണെങ്കിൽ ചെയർമാൻ ഇല്ലെങ്കിൽ ആ കമ്മിറ്റിയിലെ ഏതെങ്കിലും അംഗം വയ്ക്കണമെന്നുള്ളത്. അതുകൊണ്ട് ധനകാര്യവകുപ്പുമന്ത്രി പറഞ്ഞതും അതിനെ പിന്താങ്ങിക്കൊണ്ട് ചെയറിൽനിന്നും, ശ്രീ. എ.സി. ഷൺമുഖദാസും പറഞ്ഞതും വളരെ ശരിയാണ്. ആ അടിസ്ഥാനത്തിൽ അങ്ങ് ഇത് റൂൾ ചെയ്യുമ്പോൾ സ്വാഭാവികമായും റൂൾ 204 അനുസരിച്ചാണ് ചെയ്യുക. അങ്ങനെ വരുമ്പോൾ ബഹുമാനപ്പെട്ട കെ. രാധാകൃഷ്ണൻ ഇവിടെ അവതരിപ്പിച്ചത് മൂന്ന് മന്ത്രിമാരുടെ റിപ്പോർട്ടുകളാണ്. ആ കമ്മിറ്റിയിൽ ഒന്നും ബഹുമാനപ്പെട്ട കെ. രാധാകൃഷ്ണൻ മെമ്പർ അല്ല. അതുകൊണ്ട് അത് ലേ ചെയ്തതായിട്ട് കണക്കാക്കാൻ പാടില്ല. റൂൾ 204-ന് എതിരാണെന്നുള്ള കാര്യം കൂടി അങ്ങ് പരിഗണിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) : ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിക്കേണ്ടത് X-ാം നമ്പർ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടാണ്. ആ സബ്ജക്ട് കമ്മിറ്റിയിലെ മെമ്പർ ആണ് ഞാൻ.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, രാവിലെ ഈ പ്രശ്നം ഉന്നയിച്ചതാണ്. ആ സന്ദർഭത്തിലാണ് ഞാൻ ഒരു കാര്യം ഒരു വ്യക്തതയ്ക്കുവേണ്ടി അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവന്നത്. സാധാരണഗതിയിൽ സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ട് ചെയർമാൻ ഇല്ലെ

LIBRARY ARCHIVES Kerala Legislative Assembly

ങ്കിൽ കമ്മിറ്റിയിലെ അംഗങ്ങൾ ആയിരിക്കും അവതരിപ്പിക്കേണ്ടത്. ചട്ടം അനുസരിച്ച് 100 ശതമാനവും ശരിതന്നെയാണ് എന്നാൽ ഇതുവരെ ഈ സഭയിലെ കീഴ്വഴക്കമനുസരിച്ച് സാധാരണഗതിയിൽ അപ്പുറത്തിരിക്കുന്നവർ ഭരണപക്ഷത്തായിരുന്നപ്പോഴും തിരിച്ചായിരുന്നപ്പോഴും റിപ്പോർട്ട് അവതരിപ്പിക്കുന്ന സന്ദർഭത്തിൽ ബന്ധപ്പെട്ട മന്ത്രി ഇല്ലാതെവന്നാൽ മറ്റൊരു മന്ത്രിയെ റിപ്പോർട്ട് അവതരിപ്പിക്കുന്നതിനു വേണ്ടി ചുമതലപ്പെടുത്താറുണ്ട്. കീഴ്വഴക്കമനുസരിച്ച് ആ കാര്യം കൂടി പരിഗണിച്ചു കൊണ്ടായിരിക്കണം അങ്ങയുടെ റൂളിംഗ് ..... ബഹളം .....

മി. സ്പീക്കർ : പ്ലീസ് ..... ഇതെല്ലാം പരിശോധിച്ചു കൊണ്ടായിരിക്കും റൂളിംഗ് നൽകുന്നത്, ഇനി ഡിസ്കഷൻ വേണ്ട, രാവിലെ ഡിസ്കസ് ചെയ്തു, ഇനി എന്താണ് ആഡ് ചെയ്യാനുള്ളതെന്ന് പറഞ്ഞാൽ മതി.

ശ്രീ. ഉമ്മൻ ചാണ്ടി : ഇവിടെ മന്ത്രി ഇല്ലാത്തപ്പോൾ മറ്റ് മന്ത്രിമാരെ ചുമതലപ്പെടുത്താറുണ്ട്. അതിൽ തെറ്റ് ഞാൻ കാണുന്നില്ല. ബഹുമാനപ്പെട്ട ശർമ്മ പറഞ്ഞതിനോട് ഞാൻ യോജിക്കുന്നു. ഒരു മന്ത്രി വേറൊരു മന്ത്രിയെ ചുമതലപ്പെടുത്തിക്കഴിഞ്ഞാൽ ആ മന്ത്രിയ്ക്ക് പൂർണ്ണമായ ഉത്തരവാദിത്വം ആ സഭയിൽ ഉണ്ട്. ആ മന്ത്രി ഇവിടെയുള്ളപ്പോൾ വേറൊരു മന്ത്രിയ്ക്ക് എങ്ങനെ റിപ്പോർട്ട് മേശപ്പുറത്തുവയ്ക്കാൻ സാധിക്കും ..... മുഖ്യമന്ത്രി ഇവിടെ ശ്രീ. ശിവദാസമേനോനെ ചുമതലപ്പെടുത്തി, ശ്രീ. ശിവദാസമേനോൻ ഇവിടെ ഇരിക്കുമ്പോൾ മുഖ്യമന്ത്രിയ്ക്കുവേണ്ടി ബഹുമാനപ്പെട്ട ടി.കെ. രാമകൃഷ്ണന് എങ്ങനെ റിപ്പോർട്ട് മേശപ്പുറത്തുവയ്ക്കാൻ സാധിക്കും ..... ബഹളം .....

മി. സ്പീക്കർ : ഇത് രാവിലെ ഡിസ്കസ് ചെയ്തു കഴിഞ്ഞു.

ശ്രീ. ഉമ്മൻ ചാണ്ടി : ശ്രീ. വി.പി. രാമകൃഷ്ണപിള്ളയ്ക്കുവേണ്ടി ബഹുമാനപ്പെട്ട രാധാകൃഷ്ണൻ മറുപടി പറഞ്ഞു ..... ബഹളം .....

മി. സ്പീക്കർ : ഇത് ശരിയായ ഒരു രീതിയല്ല, ഇനി ആരേയും അനുവദിക്കുന്ന പ്രശ്നമില്ല..... ബഹളം ..... പ്ലീസ് ..... രാവിലെ ഡിസ്കസ് ചെയ്തു കഴിഞ്ഞ കാര്യമാണ് അതിനെ സംബന്ധിച്ച് റൂളിംഗ് മാത്രമേ റിസർവ് ചെയ്തിട്ടുള്ളൂ..... പിന്നെ ഒരു ഡിസ്കഷൻ പാടില്ല .....ബഹളം..... നോ.....നോ.....രാവിലെ ഡിസ്കസ് ചെയ്തുകഴിഞ്ഞ കാര്യമാണ്, വിശദമായി ചർച്ച ചെയ്തുകഴിഞ്ഞ കാര്യമാണ്. പക്ഷേ അത് ഗൗരവമുള്ള പ്രത്യേകം പരിശോധിക്കേണ്ട ഒരു കാര്യമായതുകൊണ്ട് റൂളിംഗ് റിസർവ് ചെയ്തതാണ്. അതാണ് ഇപ്പോൾ നൽകാൻ പോകുന്നത്. ഇവിടെ പറഞ്ഞുകേട്ട കാര്യം ഉൾപ്പെടെയുള്ള കാര്യം പറയുകയാണ്. ഇനി ഇത് അങ്ങോട്ട് മാറ്റിവയ്ക്കാൻ പറ്റുകയില്ല.

XI. റൂളിംഗ്

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ സമർപ്പിക്കുന്നത് സംബന്ധിച്ച്

മി. സ്പീക്കർ : ചട്ടം 204(1) അനുസരിച്ച് നിയമസഭാ കമ്മിറ്റികളുടെ റിപ്പോർട്ട് ചെയർമാനോ ചെയർമാൻ ഹാജരായിട്ടില്ലെങ്കിൽ കമ്മിറ്റിയിലെ ഏതെങ്കിലും അംഗമോ സഭയിൽ സമർപ്പിക്കണമെന്നുണ്ട്. എന്നാൽ സബ്ജക്ട് കമ്മിറ്റികളുടെ റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്ന അവസരങ്ങളിൽ ചെയർമാൻമാരായ മന്ത്രിമാർ സീറ്റിൽ ഇല്ലെങ്കിൽ മറ്റ് മന്ത്രിമാർ റിപ്പോർട്ട് സമർപ്പിക്കുന്നത് പതിവാണ്, അതാണ് ഇവിടെ നിലവിലുള്ളത്, ഈ ദിവസം ഉൾപ്പെടെ, എന്നാൽ ചട്ടത്തിന്റെ സ്ട്രിക്ട് സെൻസിൽ ഇത് ശരിയല്ല. അതുകൊണ്ട് ഈ സമയം മുതൽ അത് സ്ട്രിക്ടായിട്ട് നടപ്പിലാക്കാൻ ചെയർ

LIBRARY ARCHIVES Kerala Legislative Assembly